# Chapter - 1

## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

### ചൈനീസ് വിപ്ലവം

Ø) വിദേശികൾ ചൈനയിൽ ആധിപത്യം സ്ഥാപിക്കാൻ സ്വീകരിച്ച തന്ത്രങ്ങൾ ഏവ?

- <u>കറുപ്പ് വ്യാപാരം</u> - യൂറോപ്യന്മാർ ചൈനയിലേക്ക് കറുപ്പ് കയറ്റുമതി ചെയ്തു അവിടത്തെ ജനങ്ങളെ സാമ്പത്തികമായും മാനസികമായും അടിമകളാക്കി.
- <u>തുറന്ന വാതിൽ നയം</u> - അമേരിക്ക ചൈനയിൽ വ്യാപാര അവകാശം നേടുന്നതിന് വേണ്ടി സ്വീകരിച്ച തന്ത്രമാണ് തുറന്ന വാതിൽ നയം.

  ഇതനുസരിച്ച് ചൈനയുടെ കമ്പോളങ്ങളിൽ എല്ലാ രാജ്യങ്ങൾക്കും തുല്യ അവകാശവും അവസരവും ഉണ്ടെന്ന് അമേരിക്ക വാദിച്ചു.

Ø) ചൈനീസ് വിപ്ലവത്തിന്റെ കാരണം എന്ത്?

- ചൈന ഭരിച്ച മഞ്ചു രാജാക്കൻമാർ വിദേശ ഇടപെടലിനും, ആധിപത്യത്തിനും അനുകൂലമായ നിലപാട് സ്വീകരിച്ചത് ചൈനീസ് വിപ്ലവത്തിന്റെ കാരണമായി.

Ø) എന്താണ് ബോക്സർ കാലപം.

- 1900 ൽ മഞ്ചു രാജവംശത്തിനെതിരെ നടന്ന കാലപം.
- കലാപികളുടെ മുദ്ര ബോക്സർമാരുടെ മുഷ്ടിയായിരുന്നു.

Ø) ചൈന ഒരു ജനകീയ റിപ്പബ്ലിക് ആയതെങ്ങനെയെന്ന് വിശദമാക്കുക?

<u>സൂചകങ്ങൾ</u>

(a) ഡോ. സൻയാത് സെന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവം
(b) ചിയാങ് കൈഷക്കിന്റെ ഭരണം
(c) മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവം

### <u>ഡോ. സൻയാത് സെന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവം</u>

- 1911 ഡോ. സൻയാത് സെന്റെ നേതൃത്വത്തിൽ മഞ്ചു രാജാഭരണത്തിനെതിരെ വിപ്ലവം നടന്നു.
- ചൈനയിൽ രാജവാഴ്ചയ്ക്ക് അന്ത്യം കുറിച്ചു.
- ഡോ. സൻയാത് സെന്റെ നേതൃത്വത്തിൽ കുമിന്താങ് പാർട്ടി ഒരു റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു.

- ഡോ. സൻയാത് സെന്റെ ദേശീയത, ജനാധിപത്യം, സോഷ്യംലിസം എന്നീ ആശയങ്ങൾ പ്രചരിപ്പിച്ചു.
- വിദേശീകളുമായി ചൈന ഒപ്പുവച്ച എല്ലാ കരാറുകളും റദ്ദാക്കി.
- കൃഷിയുടെയും , വ്യവസായത്തിന്റെയും പുരോഗതിക്കാവശ്യമായ നടപടികൾ സ്വീകരിച്ചു.

**ചിയാങ് കൈഷക്കിന്റെ ഭരണം**

- ഡോ. സൻയാത് സെന്റെ മരണശേഷം ചിയാങ് കൈഷക്ക് ഭരണം ഏറ്റടുത്തു.
- ചിയാങ് കൈഷക്ക് ചൈനയിൽ സൈനിക ഏകാധിപത്യത്തിനു തുടക്കം കുറിച്ചു.
- വിദേശശക്തികൾക്ക് ചൈനയിൽ യഥേഷ്ടം ഇടപെടാൻ അവസരമൊരുക്കി.
- ചിയാങ് കൈഷക്കിന്റെ നയങ്ങളെ കമ്മ്യൂണിസ്റ്റുകൾ എതിർത്തതിനെത്തുടർന്ന് അവരെ ക്രൂരമായി നേരിട്ടു.

**മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവം**

- കമ്മ്യൂണിസ്റ്റുകളുടെ നേതാവായി മാവോ സെ തുംഗ് ഉയർന്നുവന്നു.
- 1934- ൽ കമ്മ്യൂണിസ്റ്റുകാർ മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ലോങ് മാർച്ച് നടത്തി.
- **ലോങ് മാർച്ച്** - തെക്കൻ ചൈനയിലെ കിയാങ്സിയിൽനിന്നും ആരംഭിച്ച് വടക്ക്പടിഞ്ഞാറ് യെനായിൽ അവസാനിച്ചു.
- മാർച്ചിൽ ഉടനീളം ധാരളം കൃഷിഭൂമിയും , അനേകം ഗ്രമങ്ങളും പ്രഭുക്കൻമാരിൽനിന്നും പിടിച്ചെടുത്ത് കർഷകർക്കു നൽകി.
- ഏകദേശം 1200 കിലോമീറ്റോർ സഞ്ചരിച്ച ഈ യാത്ര ലോങ് മാർച്ച് എന്ന് അറിയപ്പെടുന്നു..
- മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ചുവപ്പ സേന കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി.
- 1949 ഒക്ടോബർ - 1 ന് ചൈന മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ജനകീയ ചൈന റിപ്പബ്ലിക്കായി മാറി.

Prepared by
Muhammed Asfar A (HST)
PPMHSS KOTTUKKARA